ശ്രീ. ജോസഫ് മാത്തൻ: ആറിന്റെ എതുകരയിൽകൂടി പോകണമെന്നാണ്?

ശ്രീ. കെ. എം. കോര: തെക്കെ കരയിൽകൂടി.

ശ്രീ. ജോസഫ് മാത്തൻ: ഈ പദ്ധതിയനുസരിച്ച് പുളിംകുന്ന്–കാവാലംഭാഗത്തു ദരു പാലം കെട്ടാതെ സാധിക്കുമോ?

ശ്രീ. കെ. എം. കോര: അതും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പതിയുന്നതാണ്

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ പുതിയ പദ്ധതിയിൽ എത്ര പാലങ്ങൾ ഉണ്ടായിരിക്കും?

ശ്രീ. കെ എം. കോര: മൂന്നു പാലങ്ങൾ.

ശ്രീ വി. ഒ. മാക്കോസ്: ഈ പദ്ധതി പരസ്യപ്പെടുത്താമോ?

ശ്രീ. കെ. എം. കോര: പരസ്യപ്പെടുത്തുവാൻ വിരോധമില്ല.

ശ്രീ. എ. താണുപിള്ള: കുട്ടനാടൻ പദ്ധതി വേമ്പനാടൻ പദ്ധതിയിൽ ഉൾപ്പെടുത്തിയതു എപ്പോഴാണ്; അതു ബഡ്ജറ്റസെഷനു മുമ്പോ പിമ്പോ?

ശ്രീ. കെ. എം. കോര: ബഡ്ജറ്റസെഷനു ശേഷം.

ശ്രീ. എ. താണുപിള്ള: കുട്ടനാടൻ പദ്ധതിക്കുള്ള സംഖ്യ വേമ്പനാടൻ പദ്ധതിക്കു മുമ്പു ബഡ്ജറ്റിൽ പെടുത്തിയിരുന്നില്ലേ?

ശ്രീ. കെ. എം. കോര: അതിന്റെ ഒരു ഭാഗമേ പെടുത്തിയിരുന്നുള്ളു.

ശ്രീ. എ. താണുപിള്ള: ഈ പദ്ധതിക്കു ഈ അസംബ്ലിയുടെ സാങ്ഷൻ ഉണ്ടെന്നാണോ വിചാരിക്കേണ്ടതു?

ശ്രീ. കെ. എം. കോര: ഉണ്ടെന്നാണു വിചാരിക്കേണ്ടതു.

Sri. P. Balakrishnan Tampi: Technically speaking, Sir, is it not a fully comprehensive scheme?

Sri. K. M. Korah: Yes, exactly so.

ശ്രീ. വി. ഒ. മാക്കോസ്: ഇതിന്റെ ആകെ തുക എത്രയാണ്?

ശ്രീ. കെ. എം. കോര: 2 കോടി ലക്ഷംവരും.

ശ്രീ. വി. ഒ. മാക്കോസ്: അതിൽ എത്ര ലക്ഷം ചിലവാക്കി?

ശ്രീ. കെ. എം. കോര: ഈ സംഖ്യ റോഡിനും തോടിനുംകൂടി ഉള്ളതാണ്.

ശ്രീ. വി. ഒ. മാക്കോസ്: അതു ഇപ്പോഴുള്ള പദ്ധതിയിലാണോ?

ശ്രീ. കെ. എം. കോര: അതേ.

ശ്രീ. വി. ഒ. മാക്കോസ്: അതിന്റെ ജോലികൾ തുടങ്ങി കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: മിക്കവാറും തുടങ്ങി കഴിഞ്ഞു. ടെൻഡറുകൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

Mr. Speaker: Order, order. Question time is over.

12 Noon **WRITTEN ANSWERS**

COCHIN TOWN ALLOWANCE

*22. [30] **Sri. A. K. George:** Will the hon. Minister for Finance be pleased to state.—

(*a*) is it a fact that the Government has stopped the Town allowance prevailing in erstwhile Cochin State;

LIBRARY ARCHIVES Kerala Legislative Assembly

(*b*) if so, what are the grounds for the same ; and

(*c*) was it done on the unanimous recommendation of the Standing Finance Committee ?

Minister for Finance and Food **(Sri. K. M. Korah) :**

(*a*) Yes.

(*b*) As part of the scheme for unification and enhancement of dearness allowances.

(*c*) Sri. K. Balakrishna Menon alone expressed the view that the allowance may be extended to all towns in the State instead of abolishing the existing town allowance in the Cochin area.

കയർ വ്യവസായം

* ൨൩. (൯ ൪) സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തു ഇതിനകം എത്ര കയർ വ്യവസായ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്ക ഗവൺമെൻറ് ഏതെങ്കിലും ധനസഹായം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ സംഘം മുന്നേക്ക എത്ര തുകവീതം;

(സി) അങ്ങിനെ തുക വാങ്ങിയിട്ടുള്ള സംഘങ്ങൾ ഇതിനകം തൊഴിലാളി താല്പര്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(ഡി) കഴിഞ്ഞ ബഡ്ജറ്റിൽ കയർ വ്യവസായത്തിൻെറ അഭിവൃദ്ധിക്കു വേണ്ടി വിനിയോഗിക്കാൻ എത്ര തുകയാണ് കൊള്ളിച്ചിട്ടുള്ളത്;

(ഇ) കയർ വ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി വിനിയോഗിക്കാൻ സെൻട്രൽ ഗവൺമെൻറ് സംസ്ഥാന ഗവൺമെൻറിനു എത്ര തുക അനുവദിച്ചു തന്നിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ൨൩.

(ബി) ഉണ്ട്. ൧൯൫൫-൫൬ ൽ ൪൫ സൊസൈറ്റികൾക്ക് സൊസൈറ്റി ഒന്നിനു ൨,൦൦൦ രൂപാവീതവും ഈ വർഷത്തിൽ ൩൨ സൊസൈറ്റികൾക്ക് സൊസൈറ്റി ഒന്നിനു ൨,൦൦൦ രൂപാവീതവും ആദ്യഗഡു ഗ്രാൻറ് നൽകീട്ടുണ്ട്. ബാക്കിയുള്ള ൨ സൊസൈറ്റികൾക്ക് ഉടനെ ഗ്രാൻറ് നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) ൫൦,൦൦൦ രൂപാ.

(ഇ) ഇതുവരെ ഒരു തുകയും അനുവദിച്ചിട്ടില്ല.

റേഷൻ വിതരണത്തിലെ നഷ്ടം

* ൨൪. (൯ ൫) സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വെളിയിൽനിന്നും കൂടിയ വിലക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങി കുറഞ്ഞവിലക്ക് ഈ സംസ്ഥാനത്തു വിതരണം നടത്തുന്ന വകയിൽ ഒരു കൊല്ലത്തിൽ എത്ര നഷ്ടം ഉണ്ടാകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly